പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3748

20.7.2015 ലെ മറുപടിയ്ക്ക്

ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് മറ്റൊരു എയ്ഡഡ് ഹൈസ്കൂളിലേക്കുള്ള നിയമനം

| | ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ മൂലമോ മറ്റു കാരണങ്ങളാലോ ഒരു അദ്ധ്യാപകനെ മറ്റൊരു എയ്ഡഡ് ഹൈസ്കൂളിൽ പുതുതായി നിയമിക്കുമ്പോൾ അയാളുടെ മുൻ ശമ്പളവും മുൻകാല സർവ്വീസും ആനുകൂല്യങ്ങളും സംരക്ഷിച്ചു നൽകുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) യും (ബി) യും | KER അദ്ധ്യായം XIV A ചട്ടം 52 പ്രകാരം തസ്തിക നഷ്ടം വന്നു പുറത്തു പോയാലോ സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെട്ട് പുറത്തു പോയാലോ പുനർനിയമനം ലഭിക്കുമ്പോൾ മുൻ ശമ്പളാനുകൂല്യങ്ങൾ സംരക്ഷിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒരു യൂണിറ്റിലെ ഒരു ഗ്രേഡിലെ തുടർച്ചയായ സർവ്വീസ് മാത്രമേ KER അദ്ധ്യായം XIV A ചട്ടം 37 ലെ ഉപചട്ടം 1 പ്രകാരം സീനിയോറിട്ടിക്കായി പരിഗണിക്കപ്പെടുകയുള്ളൂ. എന്നാൽ ചട്ടം 37 ലെ പ്രൊവിസോ പ്രകാരം, ചട്ടം 52 പ്രകാരം റിലീവ് ചെയ്യപ്പെട്ട ഒരു അദ്ധ്യാപകന്റെ മാതൃ സ്കൂളിലേയോ മറ്റു സ്കൂളിലേയോ സർവ്വീസ് കാലയളവ് മാതൃ സ്കൂളിൽ പുനർനിയമനം ലഭിച്ച ശേഷം സീനിയോറിട്ടിക്കായി പരിഗണിക്കുന്നതാണ്. എന്നാൽ മറ്റൊരു സ്കൂളിൽ മാതൃ സ്കൂളിലെ സർവ്വീസ് സീനിയോറിട്ടിക്കായി പരിഗണിക്കപ്പെടുകയില്ല. |
| (ബി) | ഇത്തരത്തിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകന്റെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ